**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3336** **14.03.2018 ൽ മറുപടിയ്ക്ക്**

**<u>ആശുപത്രികളിൽ സീനിയർ ലേ സെക്രട്ടറി തസ്തിക</u>**

| | ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
|---|---|---|---|
| (എ) | അഞ്ഞൂറ് കിടക്കകളുള്ള താലൂക്ക്/ജില്ലാ ആശുപത്രികളിൽ സീനിയർ ലേ സെക്രട്ടറി തസ്തിക അനിവാര്യമാണോ; | (എ)യും (ബി) | സീനിയർ ലേ സെക്രട്ടറി തസ്തിക ആരോഗ്യ വകുപ്പിൽ നിലവിലില്ല. അഞ്ഞൂറിന് മുകളിൽ കിടക്കകൾ ഉള്ളതിന്റേയും ഒരു സാമ്പത്തിക വർഷം 12 കോടി രൂപ ധന വിനിയോഗം നടക്കുന്നതിന്റെയും അടിസ്ഥാനത്തിൽ, 15.1.2014 ലെ സ.ഉ(കൈ)17/2014/ആ.കു.വ പ്രകാരം, തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ലേ സെക്രട്ടറിമാരുടെ അധിക തസ്തിക അനുവദിച്ചിരുന്നു. അഞ്ഞൂറ് കിടക്കകളുള്ള താലൂക്ക്/ജില്ലാ ആശുപത്രികളിൽ അധികമായി ലേ സെക്രട്ടറിമാരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യകത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത ആശുപത്രികളിൽ ഈ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ